പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2250 — 18/03/2015 -ൽ മറുപടിക്ക്

## മുദ്രപത്ര വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഒരു ലക്ഷം രൂപവരെ വിലയുള്ള മുദ്രപത്രങ്ങൾ വിൽക്കുന്നതിന് സ്റ്റാമ്പ് വെണ്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എ) ഒരു ലക്ഷം രൂപവരെ വിലയുള്ള മുദ്രപ്പത്രങ്ങൾ ഇല്ല. എന്നാൽ സ്റ്റാമ്പ് വെണ്ടർമാരുടെ വില്പനപരിധി ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് 12/12/2014-ലെ സ.ഉ.(പി)202/2014/നിവ. നമ്പർ ഉത്തരവിൻപ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 774/2014), 12/12/2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. വില്പനപരിധി ഉയർത്തിയ നടപടിക്ക് വിജ്ഞാപനതീയതി മുതൽ പ്രാബല്യമുണ്ട്. |
| ബി) ഇപ്രകാരം ഒരു ലക്ഷം രൂപയുടെ മുദ്രപത്രം വിൽക്കാൻ സ്റ്റാമ്പ് വെണ്ടർമാർക്ക് അനുമതി നൽകുന്നതിന് മുമ്പ് എത്ര രൂപയുടെ വരെ വില വരുന്ന മുദ്രപത്രം വിൽക്കാൻ അനുമതിയുണ്ടായിരുന്നുവെന്ന് അറിയിക്കുമോ | ബി) സ്റ്റാമ്പ് വെണ്ടർമാരുടെ വില്പനപരിധി ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുതിന് മുൻപ് 20,000/- രൂപ വരെ വിലവരുന്ന മുദ്രപത്രം വിൽക്കുവാൻ അനുമതിയുണ്ടായിരുന്നു. ഇപ്പോൾ 25,000/- രൂപ വരെ വിലയുള്ള മുദ്രത്രങ്ങൾ അവരുടെ വില്പന പരിധിക്കുളിൽ നിന്ന് വിൽക്കാം. |
| സി) ഒരു ലക്ഷം രൂപയുടെ മുദ്രപത്രം വിൽക്കുന്നതിന് അനുമതി നൽകാൻ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് വിശദീകരിക്കാമോ ; | സി) ഭൂമിയുടെ ഫെയർവാല്യൂ വർദ്ധിപ്പിച്ചതോടെ കരണങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിക്കുകയും സ്റ്റാമ്പ് വെണ്ടർമാരുടെ വില്പനപരിധിയിൽ കവിഞ്ഞ തുകക്കുള്ള മുദ്രപത്രങ്ങൾ കരണങ്ങൾക്ക് ആവശ്യമായി വരികയും ചെയ്തതോടെ അവരുടെ വില്പന പരിധി ഉയർത്തണമെന്ന ആവശ്യം വരികയും അവരുമായി ചർച്ച ചെയ്യുകയും അതനുസരിച്ച് 2014-15 ബജറ്റിൽ വർദ്ധന പ്രഖ്യാപിക്കുകയാണുണ്ടായത് |
| ഡി) സർക്കാരിന് കോടികളുടെ നഷ്ടം വന്നേക്കാവുന്ന പ്രസ്തുത അനുമതി സ്റ്റാമ്പ് വെണ്ടർമാർക്ക് നൽകാനിടയായ സാഹചര്യം പുനഃപരിശോധിക്കാമോ ? | ഡി) വില്പനപരിധി ഉയർത്തിയതുമൂലം സർക്കാരിന് കനത്ത സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് ചൂണ്ടിക്കാട്ടി ഒരി നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ.